ഇട്ടരത്രും ഇരട്ടപ്പോട്ടരശ്രും.

ശിവാദ്വൈതപരമതഖണ്ഡനൻ.

ക്രിസ്തുമതച്ഛേദനം.

അഥവാ

ഇഷ്ടരത്നം

ഇരട്ടപ്പോട്ടരത്നം.

ആറായിരത്തിൽ പരം സംവത്സരങ്ങൾക്കു മുൻപു യഹോവായെന്ന ക്രിസ്തീയ ദൈവം പ്രപഞ്ചം സൃഷ്ടിക്കുന്നതിനു ആരംഭിച്ചു. ആറുദിവസം കൊണ്ടു പ്രപഞ്ചസൃഷ്ടി ആസകലം അവസാനിപ്പിച്ചു. എല്ലാററിന്റെയും അവസാനത്തിലാണു മനുഷ്യനെസൃഷ്ടിച്ചതു്.

ദൈവം ഭൂമിയിൽ നിന്നും കുറേ പൊടി വാരിയെടുത്തു അദ്ദേഹത്തിന്റെ സ്വന്തം രൂപത്തിലും സാദൃശ്യത്തിലും ഒരു മനുഷ്യനെ മനഞ്ഞു. അവന്റെ മൂക്കിന്റെ സുഷിരത്തിൽ ദൈവം പ്രാണവായുവെ ഊതിക്കയററി അവനെ ജീവനുള്ള ഒരു പ്രാണിയാക്കിത്തീൎത്തു. അവനെ ദൈവം അദ്ദേഹത്തിന്റെ ഏദൻ തോട്ടത്തിലുള്ള "കല്ലു കരടു കാഞ്ഞാംകുററിയും മുള്ളുമുരടു മൂക്കപ്പൊമ്പും തെററിപ്പുറവ ഉടന്നു് ഓടാമയും ഉള്ളടത്തു നിന്നൊഴിച്ചു നീർ പോകും ചാലും തേർ പോകും വീഥിയും തെളിച്ചുവിളക്കി തോട്ടത്തിൽ വേണ്ടതൊക്കെവെളയിച്ചു ജീവവൃക്ഷത്തിന്റെ ഫലമൊഴിച്ചു മററുള്ളതൊക്കെ ഭക്ഷിച്ചു തോട്ടംകാത്തു സൂക്ഷിച്ചു കാലക്ഷേപം ചെയ്യുന്നതിനു നിയമിച്ചു.

അനന്തരം അവൻ ഏകനായിരിക്കുന്നതു നല്ലതല്ലെന്നു ദൈവം കരുതി അവനെ ഉറക്കിക്കിടത്തി അവന്റെ വിലാപ്പുറത്തു നിന്നു ഒരെല്ലു വലിച്ചൂരി എടുത്തു അവനൊരു കൂട്ടുകാരിയെ ഉണ്ടാക്കി അവനൊരന്തിക്കൂട്ടായി അവിടെ പാർപ്പിച്ചു. അവർ രണ്ടുപേരും നഗ്നന്മാരായിരുന്നു എങ്കിലും അവൎക്കു നഗ്നതകൊണ്ടു നാണംതോന്നിയില്ല. നന്മതിന്മകളെ അറിയിക്കുന്ന വൃക്ഷഫലം ഭക്ഷിക്കരുതെന്നും ഭക്ഷിക്കുന്ന ദിവസം നിങ്ങൾ മരിക്കുമെന്നും ദൈവം അവരെ ശട്ടംകെട്ടി സ്വസ്ഥാനത്തിലേക്കു പോകയും ചെയ്തു.

അവർ ദൈവത്തിന്റെ ആജ്ഞയനുസരിച്ചു അവിടെ പാൎക്കുമ്പോൾ ദൈവശത്രുവും പിശാചാധിപനുമായ പാമ്പു ആദിപുരുഷന്റെ കൂട്ടുകാരിയുടെ അടുക്കലെടുത്തു കൂടി ദൈവംനിഷേധിച്ച വൃക്ഷ

ത്തിന്റെ ഫലം ഭക്ഷിക്കണമെന്നും ഭക്ഷിക്കുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നിങ്ങൾ നന്മതിന്മകളറിയുന്നവരാകുമെന്നും, ദൈവത്തിനു സമന്മാരാകുമെന്നും മരിക്കുകില്ലെന്നും പറഞ്ഞു അവളെ വിശ്വസിപ്പിച്ച് പഴം തീററിച്ചു. അവൾ അവളുടെ കൂട്ടുകാരനെയും ഭക്ഷിപ്പിച്ചു. ഉടനെ അവരുടെ കണ്ണുകൾ തുറന്നു. തങ്ങൾ നഗ്നന്മാരാണെന്നു അന്യോപദേശം കൂടാതെ അവരറിഞ്ഞു. അത്തിയിലകളെ കൂട്ടിച്ചേർത്തു തച്ചു ഓരോ അരയാടയുണ്ടാക്കി ഉടുത്തുകൊണ്ടു അവരവിടെയിരുന്നു. അന്നു ഉച്ചതിരിഞ്ഞു. വെയിലാറിയ സമയം ദൈവം തോട്ടത്തിൽ സഞ്ചരിക്കുന്ന ശബ്ദം കേട്ടു അവർ ദൈവത്തിന്റെ ദൃഷ്ടിയിൽ പെടാതെ മരങ്ങളുടെ ഇടയിൽ ഒളിച്ചു. ദൈവം അവരെ വിളിച്ചു വരുത്തി നടന്ന സംഭവമൊക്കെ മനസ്സിലാക്കി അവരെയും, പാമ്പിനെയും ഭൂമിയെയും ശപിച്ചു. അനന്തരം ദൈവം തോലുകൊണ്ടു ഓരോ ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചു അവിടെ നിന്നു ആട്ടിപ്പായിച്ചു. തോട്ടത്തിലെ, ജീവ വൃക്ഷത്തിലേക്കുള്ള വഴി കാത്തുകൊള്ളുന്നതിനു കെരൂബുകളെ തിരിഞ്ഞു കൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി തോട്ടത്തിന്റെ കിഴക്കേ അററത്തു നിർത്തി ഇതാണു ക്രിസ്തുമതത്തിലെ ആദിമനുഷ്യസൃഷ്ടിയുടെ വിവരണം.

യഹോവ അജ്ഞാനബന്ധം ഉള്ളവരായിട്ടു ആദിമനുഷ്യരെ സൃഷ്ടിച്ചതെന്തിനു? അവരെ ഇരുത്തിയ തോട്ടത്തിൽ നിഷിദ്ധ വൃക്ഷം സൃഷ്ടിച്ചതെന്തിനു? തന്റെ പരമശത്രുവായ പിശാചിനെ വിലങ്ങു വച്ചു കാരാഗൃഹത്തിൽ പാർപ്പിക്കയോ ചുട്ടുപൊടിച്ചു കടലിൽ കലക്കിക്കളകയോ ചെയ്യാതെ സ്വതന്ത്രനാക്കി വിട്ടതെന്തിനു? ഇന്നതു ചെയ്യുക്കത്തക്കതെന്നും ഇന്നതു ചെയ്തുകൂടാത്തതെന്നും തിരിച്ചറിയത്തക്ക അറിവു ദൈവം അവർക്കുണ്ടാക്കി കൊടുക്കാഞ്ഞതെന്തു? ഒരു പിതാവു, ഭംഗിയുള്ള വിഷസാധനം കൊണ്ടുചെന്നു അറിവില്ലാത്ത കുട്ടികളുടെ സമീപത്തിൽ വച്ചിട്ടു നിങ്ങളിതിനെ എടുത്തു തിന്നരുതെന്നും തിന്നാലന്നുതന്നെ ചത്തുപോകുമെന്നും അവരോടുപറഞ്ഞു അയാൾ അവിടെ നിന്നു പോയതിൽ പിന്നെ അറിവില്ലാത്ത കുട്ടികൾ ആ വിഷസാധനം എടുത്തുതിന്നു അപായം നേരിടുന്നതുകൊണ്ടുള്ള കുററം ആ കുട്ടികൾക്കൊ പിതാവിനോ? കുട്ടികൾക്കാണെന്നു ആരെങ്കിലും പറയുമോ? അപ്രകാരം ആദിമനുഷ്യർ നിഷേധിച്ചു പഴം ഭക്ഷിച്ചു പാപികളായിത്തീർന്ന കുററം യഹോവായിലല്ലാതെ ആദിമനുഷ്യരിലല്ല. തന്റെ കൽപനയെ നിഷേധിച്ചു ആദിമനുഷ്യർ പഴംതിന്നുമെന്നറിഞ്ഞു നിഷിദ്ധവൃക്ഷം സൃഷ്ടിക്കാതെയും സൃഷ്ടിച്ചുപോയെങ്കിൽ അതിനെ നശിപ്പിച്ചു കളകയും അല്ലെങ്കിൽ അതിന്റെ ഫലം ഭക്ഷിക്കരുതെന്നു കൽപിക്കാതെയും കൽപിച്ചുപോയെങ്കിൽ അവരെ ശപിക്കാതെയും ഇരിക്കാമായിരുന്നു. ശപി

ന്നുപോയിരുന്നെങ്കിൽ അനേകവിധത്തിൽ അനുഗ്രഹിക്കാമായിരുന്നു. യഹോവായുടെ ബുദ്ധി ആ വഴിക്കൊന്നും പോയില്ല. ഒരു വിഷയത്തെ സംബന്ധിച്ചു ഒരവസരത്തിൽ എത്ര തെററുകളാണു യഹോവായ്ക്കു പററിയതു മദ്യപായികൾക്കല്ലാതെ സാധാരണ മനുഷ്യർക്കു മുണ്ടാകാത്ത കൂട്ടപ്രമാദങ്ങൾ ഉണ്ടാകുന്നതായി അറിയുന്നില്ല. ആദിമനുഷ്യർക്കു സ്വാതന്ത്ര്യം കൊടുത്തിരുന്നതു കൊണ്ടു യഹോവായ്ക്കു കുററമില്ലെന്നു പറകയാണെങ്കിൽ അറിവില്ലാ[illegible]ക്കു സ്വാതന്ത്ര്യം കൊടുത്തതു തന്നെ യഹോവായ്ക്കു വലിയ കുററമായിത്തീരും. പഴം തിന്നദിവസം അവരെന്തുകൊണ്ടു മരിച്ചില്ല? മരിച്ചില്ലെങ്കിൽ തന്റെ ശാപഫലം നിറവേററുന്നതിനും അവരുടെ കുററം പരിഹരിക്കുന്നതിനും അവരെ എന്തുകൊണ്ടു വധിച്ചില്ല? ദൈവം കാരുണ്യമുള്ളവനായതുകൊണ്ടു അവരെ വധിച്ചില്ല എന്നു പറകയാണെങ്കിൽ ആ സമാധാനം സമാധാനമാകില്ലെന്നു യഹോവായുടെ ബൈബിൾ കൊണ്ടു തന്നെ തെളിയിക്കാം.

“മനുഷ്യർ നന്മതിന്മകളറിയത്തക്കവണ്ണം നമ്മിലൊരുവനെപ്പോലെ ആയിരിക്കുന്നു. ഇനി അവർ കൈപൊക്കി ജീവവൃക്ഷത്തിന്റെ ഫലംകൂടി പറിച്ചുതിന്നു എന്നെന്നേക്കും ജീവിപ്പാനിടയായേക്കും. അങ്ങനെ സംഭവിക്കരുതു“ അതിനവരെ അവിടെനിന്നു ആട്ടിപ്പായിക്കതന്നെ എന്നു് തിച്ചപ്പെടുത്തി ദൈവം അവരെ അവിടെനിന്നു ആട്ടിപ്പായിച്ചു,,(ആദി പുസ്തകം മൂന്നാം അദ്ധ്യായം) നന്മതിന്മകളറിയുന്നതുപോലും സഹിക്കാത്ത ദൈവം യാതൊരു ദോഷവും ചെയ്യാതിരുന്ന അനേകായിരം മുലകുടിമാറാത്ത കുഞ്ഞുങ്ങളെ കൊല്ലിച്ച ദൈവം– അനേകായിരം ജനങ്ങളെ കൊല്ലുകയും കൊല്ലിക്കയുംചെയ്ത ദൈവം– ആദിമനുഷ്യർ എന്നെന്നേക്കും ജീവിച്ചിരിക്കുന്നതിനിടയാകുമെന്നു വിചാരിച്ചു അന്തകുന്തം മറിഞ്ഞ ദൈവം–തന്റെ കല്പനയെ നിഷേധിച്ചു തന്റെ പരമശത്രുവായ പിശാചിന്റെ ഉപദേശം സ്വീകരിച്ച പാതകന്മാരായ ആദിമനുഷ്യരെ കാരുണ്യംകൊണ്ടു നശിപ്പിച്ചില്ലെന്നു പറഞ്ഞാൽ അതിനെ അറിവുള്ളവരംഗീകരിക്കുമോ?

ആദിമനുഷ്യർ നിഷേധിച്ച പഴം തിന്നതല്ലാതെ വേറൊരു ദോഷവുംചെയ്തില്ലല്ലോ അവരുടെ കുററം എത്ര നിസ്സാരം. അതിനു അവരെ നാലഞ്ചേത്തമിടുവിക്കയോ അല്പനേരം കുനിച്ചുനിർത്തുകയോ അവരുടെ തലയിൽകൈവിരൽകൊണ്ടു നാലഞ്ചു കൊട്ടുകൊടുക്കയോ ചെയ്താൽ മതിയായിരുന്നു. യഹോവാ അതുകൊണ്ടൊന്നും തൃപ്തിപ്പെടുന്ന ആളല്ലെങ്കിൽ അവരുടെ ദേഹമാസകലം ചെമ്പുള്ളികളും കരിമ്പുള്ളികളും കുത്തി അവരുടെ കഴുത്തിൽ ഒന്നുരണ്ടു ഓട്ടക്കലങ്ങളും കുറെ തൊണ്ടും ചിരട്ടയും മററും കെട്ടിത്തൂക്കി കുറെ

പച്ചിരുമ്പിൻ കലയും പൊട്ടിച്ചു അവരുടെ തലവഴിയേ ചൊരിഞ്ഞു ഏദൻതോട്ടത്തിന്റ ഏഴെട്ടു വട്ടത്തു ഓടിച്ചാൽ പോരായിരുന്നുവോ?

നിഷേധിച്ച പഴംതിന്ന പാവങ്ങൾ പാപികളായെന്നു സമ്മതിക്കാം. നമ്മളൊക്കെ പാപികളായി എന്നുള്ളതിന്റ ന്യായം എന്തു? പാപംചെയ്തവർ പാപികളാകട്ടെ. പാപം ചെയ്യാത്തവരെന്തിന്റ പാപികളാകണം? പാപംചെയ്യാത്തവരും പാപികളായി ദുഃഖമനുഭവിക്കണമെന്നുമൂഢജനങ്ങളും വിധിക്കയില്ലല്ലോ അച്ഛൻചെയ്ത കുററത്തിന്റ പുത്രനെ ശിക്ഷിക്കുന്ന ചട്ടം കാട്ടുമൂറാപ്പായികളുടെ ഇടയിലുമില്ലാതെ ഇരിക്കുമ്പോൾ കരുണാമൂർത്തിയും പക്ഷപാതരഹിതനും സർവ്വജ്ഞനും നീതിശാലിയുമായ ദൈവം ആറായിരത്തിൽപരം സംവത്സരങ്ങൾക്കു മുമ്പെ അറിവില്ലാത്ത ഏഴകളായ ആദിമനുഷ്യർ ഒരു പഴം കടിച്ചതിന്നു കുററത്തിന്റ നമ്മെ എല്ലാവരെയും പാപികളാക്കി ശിക്ഷിക്കുമോ? പോത്തൻ മാപ്പിളെ! മാത്തുണ്ണിമാസ്റ്ററെ മദ്ധ്യസ്ഥന്മാരായ നിങ്ങൾതന്നെപറയുവിൻ?.

നിഷേധിച്ച പഴംതിന്ന ആദിമനുഷ്യർ എങ്ങനെയുള്ളവർ? യാതൊരറിവുമില്ലാത്ത മൂഢന്മാർ, വെറും കാടന്മാർ. അവരെ ദൈവം വിദ്യാഭ്യാസം ചെയ്യിച്ചു ജ്ഞാനവാന്മാരാക്കാഞ്ഞതു എന്തു കൊണ്ടു? അവരെ വിദ്യാഭ്യാസം ചെയ്യിച്ചു ജ്ഞാനവിജ്ഞാന സമ്പന്നന്മാരാക്കി ഏദൻതോട്ടത്തിലിരുത്തേണ്ടു ചുമതലദൈവത്തിന്റേതായിരുന്നുവല്ലോ. അങ്ങനെ ചെയ്തില്ലെങ്കിൽ ചെയ്യേണ്ടാ. ചെയ്യത്തക്കവ ഇന്നവയെന്നും ചെയ്തുകൂടാത്തവ ഇന്നിന്നവയെന്നുമുള്ള തിരിച്ചറിവെങ്കിലും അവർക്കുണ്ടാക്കി കൊടുക്കേണ്ടതാണല്ലോ. അങ്ങനെചെയ്യാഞ്ഞതെന്തുകൊണ്ടു? നിങ്ങളുടെ ഈശ്വരൻ മൃഗപ്രായന്മാരായ ജന്തുക്കളെയാണ് ഇടംപ്രഥമമായി സൃഷ്ടിച്ചതു. വിഷവൃക്ഷവും ഉണ്ടാക്കി അവരുടെ അടുക്കൽ വച്ചുകൊടുത്തു. അവരെ ചതിക്കുന്നതിനു കരുത്തംകെട്ട പിശാചിനെയും ഉണ്ടാക്കിവിട്ടുകൊടുത്തു. ഈശ്വരാജ്ഞയ്ക്കു വിപരീതമായി പിശാചു ദുരുപദേശം ചെയ്തു അവരെ വിഷഫലം ഭക്ഷിപ്പിച്ചു. അവരെ ദൈവം ശപിക്കയും ചെയ്തു. ബുദ്ധിപൂർവ്വമായി യാതൊരു ദോഷവും ചെയ്യാത്ത ആദിമനുഷ്യരെ അയ്യോ ദൈവം ശപിച്ചതു നീതിയാണോ? ധർമ്മമാണോ? ഹാ! ഹാ! കഷ്ടം ഇതു നീതിയാണെന്നു ആരെങ്കിലും പറയുമോ? മനഃശക്തിക്കു കീഴടങ്ങാത്ത കോപത്തിന്റെ വശംവദനായിതീർന്ന ദൈവം പെട്ടെന്നു അവരെ ശപിച്ചുപോയി. എങ്കിൽ അടുത്തദിവസം അനുഗ്രഹിക്കാഞ്ഞതെന്തുകൊണ്ടു? നിഗ്രഹത്തിന്റെപിറകെ അനുഗ്രഹം വേണമെന്നു യഹോവാ അറിഞ്ഞില്ലയോ? നിസ്സാരമായ ഒരു കുററത്തിന്റ അത്രവലിയ ശിക്ഷകൊടുത്തതു നീതിയാണോ? ആ ജന്മം മുഴുവൻ പഴം തി

ന്ന പാപംകൊണ്ടുണ്ടായ ദുഃഖം അനുഭവിച്ചേ മതിയാവു എങ്കിൽ അവർ അനുഭവിക്കട്ടെ. ആ കുററത്തിന്റെ ഫലം സന്തതികളെ തുടൎന്നു പിടിക്കത്തക്കവണ്ണം ഗുരുത്വമുള്ളതാക്കി തീൎക്കുന്നതെന്തിനു? സന്തതികൾകൂടി അനുഭവിച്ചതുകൊണ്ടു മതിയാവുകയില്ല. അവരുടെ സന്തതികളുടെ സന്തതികൾകൂടി അതിന്റെ ഫലം അനുഭവിക്കണമൊ? അവരുടെ സന്തതികൾ അനുഭവിച്ചാലും മതിയാവില്ല. സന്തതികളുടെ സന്താനങ്ങൾകൂടി അനുഭവിക്കണമോ? അതുകൊണ്ടുമാകില്ല. അവരുടെ സന്തതികളുടെ സന്താനങ്ങൾകൂടി അനുഭവിക്കണമോ? പിന്നെ എത്രയോ സന്തതികൾക്കു പിൻപേ ഉണ്ടായ നാംകൂടി അനുഭവിക്കണമോ? ആകട്ടെ. നാം കൂടി അനുഭവിച്ചാലും ഇനിമേൽഎത്ര യോസന്തതികൾക്കു പിൻപേഉണ്ടാകുന്നസന്തതികളുംകൂടിഅനുഭവിക്കണമോ? ആകട്ടെനാംകൂടിഅനുഭവിച്ചാലും ഇനിമേൽ എത്രയോ സന്തതികൾക്കുപിൻപേ ഉണ്ടാകുന്ന സന്തതികളുംകൂടി ഈ പാപഫലം അനുഭവിക്കണമോ? ആകട്ടെ അവൎകൂടെ അനുഭവിച്ചാലും പോരാ. ലോകാവസാനംവരെ ഉണ്ടാകുന്ന സകല മനുഷ്യരും ഈ പാപകൎമ്മഫലം അനുഭവിക്കണമോ? ഇതെന്തൊരന്യായം. യഹോവായെന്ന നിങ്ങളുടെ ദൈവം എന്തൊരുതുമ്പും തുരാലുമില്ലാത്ത നീതിവിഹീനൻ അദ്ദേഹം എന്തൊരുകടുംകൈക്കെസ്സൻ!! എന്തൊരുനിർദ്ദയൻ എന്തൊരുഭയംകരൻ.

ദൈവം തന്റെ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച ആദിമനുഷ്യരെ ചതിച്ചതു പിശാചാണല്ലൊ. തന്റെ പരമശത്രുവായ പിശാചു ആദിമനുഷ്യരെ ദുരുപദേശംചെയ്തു നിഷേധിച്ച വൃക്ഷഫലം ഭക്ഷിപ്പിക്കുമെന്നു ദൈവം അറിഞ്ഞില്ലയോ? മനുഷ്യരിലുള്ള സാധാരണന്മാർപോലും എന്തെങ്കിലും ഒരുകാൎയ്യം ചെയ്വാനാരംഭിക്കുമ്പോൾ തങ്ങളുടെ എതിരാളികൾ വല്ലതകരാറുകളുമുണ്ടാക്കുമെന്നും അതിനിടയാകരുതെന്നും വിചാരിച്ചുമുൻപെകൂട്ടി വേണ്ട കരുതൽ ചെയ്യാതെ ഒന്നുമാരംഭിക്കയില്ലല്ലോ? ഈ നിലയിൽ ആദിമനുഷ്യരെ ചതിക്കുന്നതിനു പിശാചുവരുമെന്നുള്ളതും വന്നതും ദൈവം അറിഞ്ഞില്ലെങ്കിൽ സൎവ്വജ്ഞനല്ലെന്നും ദൈവം അവിടെ ഇല്ലായിരുന്നുവെങ്കിൽ സൎവ്വവ്യാപിയല്ലെന്നും ആ പിശാചിനെ അവിടെനിന്നു അടിച്ചോടിപ്പാൻ കഴിവില്ലാതെ ഇരുന്നുവെങ്കിൽ സൎവ്വശക്തനല്ലെന്നും അവരെ പിശാചു ചതിക്കുന്നതിനു സമ്മതിച്ചടങ്ങിയിരുന്നുവെങ്കിൽ കരുണയില്ലാത്തവനെന്നും തീൎച്ചയാക്കാം.

പിശാചാണല്ലൊ ആദിമനുഷ്യരെ ചതിച്ചതു ഈ പിശാചിനെ സൃഷ്ടിച്ച പിശാചാരാണു? ആദി പുസ്തകത്തിൽ സൃഷ്ടിയെപററി പറയുന്ന ഘട്ടത്തിൽ എങ്ങും പിശാചിനെ സൃഷ്ടിച്ചസംഗതി പറയുന്നില്ല. ലോകസൃഷ്ടിക്കു മുൻപോ പിൻപോ? ലോകസൃഷ്ടി

യോടുകൂടിയോ? ലോകസൃഷ്ടിക്കുമുൻപായിരുന്നുവെങ്കിൽ ദൈവം
ആദിയിൽ ആകാശവും ഭൂമിയും സൃഷ്ടിച്ചുവെന്നു ബൈബിളിന്റെ ഗ
ണപതികുറിപ്പു കള്ളമായിതീരും. അത്രയുമല്ല ആദിയിൽ ആകാശഭൂ
മികളെ സൃഷ്ടിക്കുന്നതിനുമുൻപു യഹോവാ സൃഷ്ടികർമ്മത്തിലേർപ്പെട്ടാ
തിരുന്നതുകൊണ്ടു ലോകസൃഷ്ടിക്കുമുൻപെയല്ല ആറുദിവസംമാത്രം
സൃഷ്ടികർമ്മത്തിൽ ഏർപ്പെട്ടിരുന്നുവെന്നും ഏഴാംദിവസം വിശ്രമിച്ചു
വെന്നും അതിൽ പിന്നെ യഹോവാ സൃഷ്ടികർമ്മത്തിലേർപ്പെട്ടതായി
ബൈബിളിൽ പറയാത്തതുകൊണ്ടു ലോകസൃഷ്ടിയുടെ പിമ്പെയാ
ണെന്നു പറയുന്നതിനു നിർവ്വാഹമില്ല. ലോകസൃഷ്ടിയെപററി പറ
യുന്ന ഘട്ടത്തിൽ ഓരോ ദിവസവും സൃഷ്ടിക്കപ്പെട്ട പദാർത്ഥങ്ങളെപ്പ
ററി പറയുന്ന പട്ടികയിൽ പിശാചിനെ സൃഷ്ടിച്ച കഥ പറയാത്ത
തുകൊണ്ടു ലോകസൃഷ്ടിയോടുകൂടിയുമല്ലായിരുന്നു. പിന്നെ ഈ പി
ശാച് എവിടെ നിന്നുവന്നു? ദൈവം കൂടി അറിയാതെ [illegible]ചാ
യഹൂദാ വെളിപാടു ഈ പുസ്തകങ്ങളിൽ കാണുന്ന സ്ഥിതിയിൽ
ദൈവം സൃഷ്ടിച്ച ദൈവദൂതന്മാരിൽ ചിലർ ദൈവശത്രുക്കളായി
തീർന്നു. അവരിൽ ഒരുത്തനായിരിക്കാം ഈ പിശാചു. ദൈവം സൃഷ്ടി
ച്ച ദൈവദൂതന്മാരെ ദൈവശത്രുക്കളാക്കിതീർത്തതാരാണു? ആദിമനു
ഷ്യരെ ചതിക്കുന്നതിനു ഒരു പിശാചും വിഷവൃക്ഷഫലവും ആവശ്യ
മായിരുന്നതുപോലെ ദൈവദൂതന്മാരെ പിശാചാക്കുന്നതിനു വേറെ
ഒരു പിശാചുവേണമല്ലോ, അന്നു അവിടെയഹോവായല്ലാതെ വേ
റെ പിശാചുക്കളില്ലാതിരുന്നതുകൊണ്ടു യഹോവായെന്ന പിശാചുത
[illegible]ല്ലവരെയും കെടുത്തിയ പിശാചെന്നു തീർച്ചപ്പെടുത്തുന്നതി
[illegible]ല്ല [illegible]സാംഗത്യവുമുണ്ടോ? ആകട്ടെ ആദിമനുഷ്യർ പാപം
ചെയ്തതു ഹേതുവായിട്ടു അവർക്കു മരണശിക്ഷവിധിച്ചുവല്ലോ.
പക്ഷികൾ, മൃഗങ്ങൾ, ഇഴജന്തുക്കൾ, ജലജന്തുക്കൾ മുതലായ
സകല പ്രാണികളും മരിക്കുന്നുണ്ടല്ലോ. ഈ ജന്തുക്കളുടെ ആ
ദിപിതാക്കന്മാരും ദൈവം നിഷേധിച്ച വൃക്ഷഫലം ഭക്ഷിച്ചു
വോ? ഇവയൊക്കെ ഏതേതുപാപംചെയ്തു ജന്തുക്കളുടെ സന്തതിക
ൾ. എല്ലാജന്തുക്കൾക്കും മരണമുള്ളതു കൊണ്ടു ആ ജന്തുക്കളുടെ ആ
ദിപിതാക്കന്മാരൊക്കെ ദൈവകല്പന ലംഘിച്ചവരായിരിക്കണമല്ലോ.
ആദിമനുഷ്യർ ദൈവകല്പനയെ നിരസിച്ചു പഴംതിന്നതല്ലാതെ വേ
റൊരു ദോഷവും ചെയ്തില്ലല്ലോ? അതുകൊണ്ടു ദൈവത്തിനോ മ
റുവല്ലവർക്കുമോ വല്ല ദോഷങ്ങളുമുണ്ടായോ? ഒന്നോ രണ്ടോ പഴംന
ഷ്ടപ്പെട്ടതല്ലാതെ ആർക്കും ഒരു ദോഷവും ഉണ്ടായില്ല. പിന്നെന്തി
നാണു ഇങ്ങനെയുള്ള അമളികളൊക്കെ ദൈവം ഉണ്ടാക്കിയതു? പ
ഴംതിന്നതുകൊണ്ടു ആദിമനുഷ്യരുടെ കണ്ണുകൾ തുറന്നു. നന്മതി
ന്മകളെ തിരിച്ചറിയുന്നതിനു അവർ ശക്തന്മാരായി. ദൈവം ത

ന്റെ പുത്രന്മാർക്ക് ഈ ദുർഗ്ഗുണങ്ങളൊക്കെ ഉണ്ടായതുകൊണ്ട അത്യാനന്ദഭരിതനായി പഴംതീറ്റിച്ച പിശാചിനെ അനുഗ്രഹിച്ചു തന്റെ മന്ത്രിപദംകൊടുക്കേണ്ടതായിരുന്നു. അങ്ങനെ ചെയ്തെങ്കിൽ യഹോവാ എത്ര നല്ലവനായിരിക്കുമായിരുന്നു. എന്നിട്ട് യഹോവാ ചെയ്തതു എന്താണ്? പിശാചിനെ ശപിച്ചു. ഭൂമിയെ ശപിച്ചു ആദത്തെ ശപിച്ചു. അവന്റെ കൂട്ടുകാരിയെ ശപിച്ചു. അവരിൽനിന്നു ലോകാവസാനംവരെ ഉണ്ടാകുന്ന മനുഷ്യരെ ഒക്കെ ശപിച്ചു. ഭൂലോകം അഴിയുന്നതുവരെ ഉണ്ടാകുന്ന പാമ്പുകളെ ഒക്കെ ശപിച്ചു. പാമ്പിന്റെ തല മനുഷ്യർ ചതയ്ക്കുന്നതിനും മനുഷ്യരുടെ കാലിൽ പാമ്പു കടിക്കുന്നതിനും മനുഷ്യരെയും പാമ്പിനെയും കൂട്ടിപ്പിടിച്ചു ശപിച്ചു. അമ്പോ ഒരുപഴം പറിച്ചുതിന്നതിന്റെപാട്. ഇങ്ങനെ ഒക്കെ ബഹളമുണ്ടാക്കത്തക്ക സംഗതി ഈ കാര്യത്തിലെന്താണുള്ളതു? നേരെമറിച്ചു ഇവരെ ഒക്കെ അനുഗ്രഹിക്കേണ്ടതായിരുന്നു. ദൈവം അതുചെയ്തോ. ആദിമനുഷ്യർ പിഴച്ചു പാപികളായി. ഇനി അവരിൽനിന്നുണ്ടാകുന്നവരും പാപികളായേ ഇരിക്കു. അതുകൊണ്ട വേറെ രണ്ടാളുകളെ ലോകാഭിവൃദ്ധിക്കുവേണ്ടി സൃഷ്ടിക്കതന്നെ എന്നു നിശ്ചയിച്ചു ദൈവം സൃഷ്ടിക്കാഞ്ഞതുകൊണ്ടല്ലയോ ലോകമാസകലം പാപസമുദ്രത്തിലാണ്ടുപോയതും തന്റെ ഏകജാതനായ പുത്രൻ കഴുവിന്മേൽ തൂങ്ങി മരിപ്പാനിടയായതും. കല്പനയെ ലംഘിച്ച ആദിമനുഷ്യരെ ഉടനെതന്നെ നശിപ്പിക്കയോ അവരിൽനിന്നു സന്താനങ്ങളുണ്ടാകാതെയിരിക്കുന്നതിനു അവരെ കാമകലാവിലാസവിമുഖന്മാരാക്കുകയോ മലടുകളാക്കുകയോ ചെയ്തിരുന്നുവെങ്കിൽ സംഗതികളൊക്കെ എത്ര മംഗളകരങ്ങളായിരിക്കുമായിരുന്നു. പോകട്ടെ പരമഭാഗവതന്മാരായ മനുഷ്യർ ഭൂമിയിൽ പെരുകത്തക്കവണ്ണം ദൈവകല്പനയെ ബഹുമാനിക്കുന്നവരും പാമ്പിന്റെയോ അണലിയുടെയോ നുണകളൊന്നും കേൾക്കാത്തവരും നന്മതിന്മകളെ ആലോചിച്ചോ ആലോചിക്കാതെയോ അറിയുന്നതിനു സമർത്ഥന്മാരുമായ രണ്ടോനാലോ സ്ത്രീപുരുഷന്മാരെ ദൈവത്തിനുണ്ടാക്കാമായിരുന്നല്ലൊ. അതിന്റെ മണ്ണും വെള്ളവും അവിടെത്തന്നെയുണ്ട. മനുഷ്യരെ മനയുന്നതിനും മൂക്കിലൂതുന്നതിനും ദൈവത്തിനു പരിചയവുമുണ്ട്? അതൊന്നും ദൈവം ചെയ്തില്ല. അതിനുള്ള. ബുദ്ധിയും പാവത്തിനുണ്ടായില്ല.

പഴം തിന്നാൽ ആദിമനുഷ്യർ അന്നുതന്നെ മരിക്കുമെന്നു ദൈവവും. മരിക്കയില്ലെന്നു പിശാചും പറഞ്ഞു ദൈവം പറഞ്ഞതിനെ നിഷേധിച്ചു പിശാചു പറഞ്ഞതിനെ വിശ്വസിച്ചു അവർ പഴം തിന്നു. എന്നിട്ടു ദൈവം പറഞ്ഞവണ്ണം അവർ അന്നുതന്നെ മരിച്ചുവോ? പിശാചു പറഞ്ഞവണ്ണം മരിക്കാതെ ഇരുന്നുവോ? പിശാചു പറ

ഞ്ഞവണ്ണം അവർ മരിക്കാതെ ഇരുന്നുവെന്നുമാത്രമല്ല, അവരുടെ കണ്ണുകൾ തുറക്കയും നന്മതിന്മകളെ തിരിച്ചറിയുന്നതിന്ന അവർ ശക്തന്മാരായിതീരുകയും വിശേഷിച്ച ചിരംജീവികളാവുകയും ചെയ്തു. യഥാൎത്ഥവക്താവു ഈശ്വരനും അയഥാൎത്ഥവക്താവു അസുരനും പിശാചുമാണെന്നല്ലയോ പ്രമാണം. ഈനിലയ്ക്കു പിശാചാര? ദൈവമാര? പിശാചിനെ ദൈവമെന്നു വിശ്വസിക്കുന്ന പിശാചുക്കളാര? ദൈവത്തെ പിശാചെന്നു വിചാരിച്ചു നിഷേധിക്കുന്ന പിശാചുക്കളാര? ദൈവത്തെ ദൈവമെന്നും പിശാചിനെ പിശാചെന്നും യഥാൎത്ഥരൂപത്തിൽഅറിഞ്ഞുപിശാചിനെനിഷേധിച്ചുദൈവത്തെവിശ്വസിച്ചു ഉപാസിച്ചു പോരുന്ന സാധുക്കളെ പിശാചിനെ സേവിക്കുന്ന പിശാചുക്കളെന്നു അധിക്ഷേപിച്ചു വഴിതെററിച്ചുപിശാചിനെ സേവിപ്പിക്കുന്നപേതപ്പിശാചുക്കളാര?

പിഴയാളികളായ ആദിപുരുഷന്മാരിൽനിന്നു ഭൂമിയിൽ മനുഷ്യർ ഈയാംപാററകൾപോലെ പെരുകിത്തുടങ്ങി. അവൎക്കു പെൺമക്കൾ ധാരാളമായി ഉണ്ടായി. അവരൊക്കെ സൗന്ദൎയ്യവതികളായിരുന്നു. ദൈവത്തിന്റെ ദൈവരാജ്യത്തിലുള്ള പുത്രന്മാരും പെരുകി അവരവിടെ നിന്നു ഭൂമിയിൽവന്നു ദൈവത്തിന്റെ ആജ്ഞയ്ക്കു വിപരീതമായി ഭൂമിയിലുള്ള സൗന്ദൎയ്യവതികളായ സ്ത്രീകളെക്കണ്ടു കാമപരവശന്മാരായി തോട്ടിതട്ടിയ മദയാനകളെപ്പോലെ യഹോവായെ ഉല്ലംഘിച്ചു തൊഴുപ്പുരക്കാളകളെപ്പോലെയും അറബിക്കുതിരകളെപ്പോലെയും മനുഷ്യസ്ത്രീകളെ ബലാത്സംഗംചെയ്തു മക്കളെ ഉണ്ടാക്കി. ഭൂമിയിൽ വളരെ മല്ലന്മാരുണ്ടായിരുന്നു. അവരെ ഭപ്പെടിച്ചടങ്ങാതെ ദൈവപുത്രന്മാർ മനുഷ്യസ്ത്രീകളെ ബലാൽസംഗം ചെയ്യുന്നതിൽ ബദ്ധാദരന്മാരായി അതിൽനിന്നു വിട്ടുമാറിയില്ല. ആ സ്ത്രീകളിൽ വളരെ മക്കൾ ദൈവപുത്രന്മാൎക്കുണ്ടായി. അവർ വീരന്മാരും കീൎത്തിമാന്മാരുമായിത്തീൎന്നു. മനുഷ്യരുടെ ദുഷ്ടത വലുതെന്നും അവരുടെ വിചാരങ്ങളൊക്കെ ദോഷമുള്ളവയെന്നുംദൈവംകണ്ടു. ഈ സംഗതികളൊക്കെക്കൊണ്ടു താൻ ഭൂമിയിൽ മനുഷ്യരെ സൃഷ്ടിച്ചതു തനിക്കുതന്നെ വിപത്തായിതീൎന്നുവെന്നു ദൈവം കണ്ടു അദ്ദേഹം പരിതപിച്ചു. ആദ്യം സൃഷ്ടിച്ച ആദാംമുതലായവർ പിഴച്ചതുകൊണ്ടു ദൈവരാജ്യത്തിൽ ദൈവം വേറെ ആളുകളെ സൃഷ്ടിച്ചു അവരും പിഴയാളികളായിപ്പോയതിൽ ദൈവം എങ്ങനെ വ്യസനിക്കാതെയിരിക്കും? ഭൂമിയിൽ ദുരിതവും ദുഃഖവും വൎദ്ധിച്ചു. ദൈവത്തെ വ്യസനിപ്പിച്ചു ഇങ്ങനെയുള്ള കുടുംബദുരിതംനിമിത്തം പാവം വല്ലാതെ പരവശനായി മനുഷ്യരുടെ ആയുസ്സിനെ കുറച്ചു (ആദിപുസ്തകം മൂന്നാം അദ്ധ്യായം) താൻ സൃഷ്ടിപ്പാൻ തുടങ്ങിയാൽ ഇങ്ങനെയുള്ള ആപത്തുകളൊക്കെ തന്റെ തലയിൽത്തന്നെവന്നുകേറിവല്ലാതെ വലയേ

ണ്ടിവരുമെന്നറിഞ്ഞു തന്റെ പാട്ടിനാടങ്ങിയിരിക്കാമായിരുന്നു. അങ്ങ
നെയിരുന്നുവെങ്കിൽ തന്റെ ഏകജാതനായ പുത്രനാകുന്ന ക്രിസ്തുയ
ഹൂദന്മാരുടെ കയ്യിലകപ്പെട്ടു മനശ്ശരീര ക്ലേശങ്ങളനുഭവിക്കുന്നതിനു
അശേഷം മനസ്സില്ലാതെ അതിദയനീയമായ വിധത്തിൽ മുട്ടുകുത്തി
നിന്നും കിടന്നും പിതാവേ നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാ
ത്രം എന്നിൽനിന്നു നീക്കണമേ, എന്നു വലിയ വലിയ ചോരത്തു
ള്ളികൾ പോലുള്ള വിയർപ്പുതുള്ളികൾ ചുററും ചൊരിയത്തക്കവ
ണ്ണം ഹൃദയം ഉരുകിത്തപിച്ചു പ്രാർത്ഥിക്കുന്നതിനും "ദൈവമേ ദൈ
വമേ നീ എന്തുകൊണ്ടു എന്നെ കൈവിട്ടു" എന്നു ഏറ്റുനാട്ടം പൊ
ട്ടുത്തക്ക മഹാശബ്ദത്തോടെ നിലവിളിച്ചു കുപ്പക്കുഴിയിൽ കമിഴ്ന്നു
വീണു പ്രാർത്ഥിക്കുന്നതിനും സംഗതിയാകയില്ലായിരുന്നു. യഹോവാ
യ്ക്കു ഈ വേണ്ടാതനങ്ങൾക്കൊന്നിനും പോകാതെ അടങ്ങിയിരിക്കാ
മായിരുന്നു. അദ്ദേഹം യാതൊരാവശ്യവും കൂടാതെ ഈശ്ചതച്ച
ന്റെ ആപ്പൂരിയ പേക്കരങ്ങളെന്റെ വിഡ്ഢിത്തത്തെക്കാളും വലിയ വി
ഡ്ഢിത്തം കാണിച്ചു പിന്നെ കിടന്നു പരിഭ്രമിച്ചു നിലവിളിച്ച നി
ങ്ങളുടെ യഹോവാ ദേവനോ ദൈവമോ പിശാചോ പേക്കരങ്ങോ?
പറയുക "ഞങ്ങളുടെ യഹോവായെത്തന്നെ ദൈവമെന്നു വിശ്വസി
ച്ചു ഭജിക്കണം"മെന്നു നിർബന്ധിക്കുന്ന നിങ്ങളോട്ട്?

വിശ്വം സൃജിച്ചാ വിധിയോ ജിഹോവാ
തച്ചന്റെ ആപ്പൂരിയ പേക്കരങ്ങോ

എന്നു ആരംഭത്തിൽ തന്നെ ഞങ്ങൾ ചോദിച്ചതു അനുചിത
മല്ലെന്നു ഇപ്പോൾ മനസ്സിലായല്ലോ പോത്തൻ മാപ്പിളേ! മാത്തുണ്ണി
മാസ്റ്ററെ ഞങ്ങളെക്കൊണ്ടു ഇങ്ങനെ പറയുന്നതിനിടയാക്കിയതി
ന്റെ ഹേതുഭൂതന്മാരാരാണെന്നു ചിന്തിക്കുക. മേൽ പറഞ്ഞവിധത്തി
ലുള്ള പമ്പര വിഡ്ഢിത്തങ്ങൾ നിറഞ്ഞതും വിദ്യാഭ്യാസ ലേശംപോ
ലും സിദ്ധിക്കാത്ത കാട്ടാളന്മാരെഴുതി ഉണ്ടാക്കിയ അസംബന്ധ പേ
ക്കൂത്തുകൾ നിറഞ്ഞതുമായ പുസ്തകങ്ങളെ സത്യവേദമെന്നു വിശ്വ
സിക്കാത്ത ഞങ്ങളെ പാപികളെന്നും അജ്ഞാനികളെന്നും മുഖത്തു
നോക്കി വിളിക്കുന്ന സാധുപ്രാണികളുടെ ആക്ഷേപങ്ങളെ ഞങ്ങൾ
ദീർഘകാലമായി സഹിച്ചു പോരുന്നു ഇനിയും ക്ഷമിക്കുമെന്നുറച്ചു
ഞങ്ങളുടെ ക്ഷമ പരിശോധിക്കുന്നതിനു നിങ്ങൾ ഒരുങ്ങേണ്ടാ.

ചൊല്ലുന്നകേൾക്കമീപാമ്പെന്നുവച്ചിട്ടു
പല്ലുതൊട്ടെണ്ണുവാനിച്ഛതുടങ്ങൊല്ലാ.

വയറുപിഴപ്പാൻ വകയില്ലാതെ വലഞ്ഞു . ഹിന്ദുമതവുമുപേ
ക്ഷിച്ചു നാണവുമ്മാനവുമില്ലാതെ ക്രിസ്ത്യാനികളായിത്തീർന്ന ഈ ഏ
ഴക്കുഴാംപോളികളെക്കൊണ്ടു ഞങ്ങളുടെ മതത്തേയും ഞങ്ങളുടെ ആ
ത്മമതോപദേഷ്ടാക്കന്മാരായ ഗുരുക്കന്മാരെയും ഞങ്ങളുടെ ദേവന്മാ

രെയും ഈശ്വരന്മാരെയും ആക്ഷേപിച്ചു ഞങ്ങളുടെ മതവിശ്വാസത്തെ തകൎത്തു പഠിപ്പില്ലാത്ത കട്ടികളെയും ഏഴകളായ ജനങ്ങളെയും നാസ്തികന്മാരാക്കി രാജ്യത്തിനും രാജാംഗത്തിനും ഉപദ്രവങ്ങളുണ്ടാക്കാതെ അടങ്ങിപ്പാൎത്തുകൊള്ളുക. പണ്ടുപണ്ടേ നാമെല്ലാം ഏകോദരസഹോദരന്മാരെപ്പോലെ കഴിഞ്ഞുകൂടിയ നിലയിൽ മേലും കഴിയുന്നതല്ലയോ നല്ലതു്. ഞങ്ങളുടെ മതം പോലെ മഹത്വമുള്ള മതം ഈ ലോകത്തു വേറെയില്ല, പാശ്ചാത്യശാസ്ത്രങ്ങളുടെ വെളിച്ചത്തു മിന്നാമിന്നിപോലെ നഷ്ടപ്രഭമായി തീരുന്നതല്ല ഞങ്ങളുടെ മതം. പാശ്ചാത്യതത്വശാസ്ത്രങ്ങളുടെ മുൻപിൽ ധൃഷ്ടതയോടു നിൽക്കുന്ന മതം ഹിന്ദുമതം മാത്രമാകുന്നു. യൂറോപ്യന്മാർ പുതുതായി കണ്ടുപിടിച്ച മതശാസ്ത്രത്തിലെ ലക്ഷണങ്ങൾക്കു ലക്ഷ്യമായിരിക്കുന്ന മതം ഹിന്ദുമതമൊന്നു മാത്രമാകുന്നു എന്നൊക്കെ വമ്പു പറയുന്നതിനു അവകാശമുള്ള ഹിന്ദുമതത്തിൽ ജനിച്ച ഞങ്ങൾ ആഡംബരമൊന്നും പ്രദൎശിപ്പിക്കാതെയും നിങ്ങളെ ഞങ്ങളുടെ മതത്തിൽ ചേൎക്കുന്നതിനു യത്നിക്കാതെയും നേരംപോക്കിനുപോലും നിങ്ങളുടെ മതത്തെ ദൂഷിക്കാതെയും ഇരുന്നിട്ടും ഉത്സവസ്ഥലങ്ങളിലും തീൎത്ഥസ്ഥലങ്ങളിലും ദേവാലയങ്ങളിൽ മതാനുഷ്ഠാനത്തിനായി ഞങ്ങൾ കൂടുന്ന അവസരങ്ങളിലും ചന്തകളിലും തെരുവുകളിലും വളരെ ജനങ്ങൾ കൂടുന്ന അവസരങ്ങളിലും ഞങ്ങളുടെ മതത്തെ വായിൽതോന്നിയവിധം നിങ്ങൾ ദൂഷിച്ചുവരുന്നതിനെ വളരെക്കാലമായി ഞങ്ങൾ സഹിച്ചുപോരുന്നു.

നമുക്കു രണ്ടുകൂട്ടൎക്കും മതദൂഷണകൃത്യത്തിൽ ഏൎപ്പെടാതെ കഴിയുന്നതാണു നന്നു. അതു നിങ്ങൾക്കു സമ്മതമില്ലായിരിക്കാം. നിങ്ങൾ തിരുവല്ലായും നിരണത്തും കോട്ടയത്തും ചേൎത്തലയും ചെല്ലുമ്പോഴും അവിടങ്ങളിലുള്ള കൊമ്പാണന്മാർ ഇവിടെ വരുമ്പോഴും "നിങ്ങൾ എത്ര നായന്മാരെ ക്രിസ്ത്യാനികളാക്കി. എത്ര ഈഴവരെ സ്വൎഗ്ഗരാജ്യാവകാശികളാക്കി. എത്ര അധഃകൃതരെ ആത്മരാജ്യത്തിലെ ആതിത്ഥ്യത്തിനു ഒരുക്കി," എന്നൊക്കെ ചോദിക്കുമ്പോൾ ഉത്തരം പറവാൻ നിൎവ്വാഹമില്ലാതെ നിങ്ങൾ കുഴങ്ങുന്നുണ്ടെന്നു ഞങ്ങളറിയാതെയിരിക്കയല്ല. ആ കുഴപ്പം പരിഹരിക്കുന്നതിനുള്ള ഒരുക്കം സഫലമാവുമെന്നു തോന്നുന്നില്ല. തത്വശാസ്ത്രസമ്മതമല്ലാത്ത മതത്തെ ഞങ്ങൾ മതമെന്നു സ്വപ്നത്തിൽപോലും വിശ്വസിക്കുമെന്നു വിചാരിക്കണ്ടാ. നിങ്ങളുടെ ബൈബിളിലെ ഊളൻകഥകളിൽ ഞങ്ങളുടെ ഹൃദയം അലിയുകില്ല. ഈ പൊട്ടക്കഥകളെ മതമെന്നു വിശ്വസിക്കുന്ന മരത്തലയന്മാരും ചേൎത്തലയന്മാരും ഇവിടെങ്ങും കാണുകില്ല. ഈ കഥകളൊക്കെ മതതത്വങ്ങളാണെന്നു മയങ്ങുന്ന മണ്ടന്മാരുള്ള ദേശങ്ങളിൽപോയി അവരെ ക്രിസ്ത്യാനി

കളാകുവിൻ! ഞങ്ങൾ ക്രിസ്ത്യാനികളാകണമെങ്കിൽ അദ്ധ്യാത്മതത്വങ്ങൾ നിറഞ്ഞ വേറെ ബൈബിളുകൊണ്ടുവരുവിൻ! അതിന്നു നിർവ്വാഹമില്ലെങ്കിൽ കാടുകളിൽപോയി നായ്ക്കളെയും നരികളെയും കാടനെയും കരടിയെയും കന്നാലികളെയും കഴുതകളെയും ജ്ഞാനസ്നാനം ചെയ്യിച്ചു ക്രിസ്ത്യാനികളാക്കുവിൻ അനാവശ്യത്തിനൊന്നും പോകാതെ അടങ്ങിപ്പാർക്കുന്നതു നാട്ടിലും നമുക്കും നന്ന്.

ശിവമയം.

വജ്രശടിയറവു.

ഭൂലോകത്തുള്ള തത്വശാസ്ത്രപണ്ഡിതന്മാരായ സകല ക്രിസ്ത്യാനികൾക്കും

ലോകസൃഷ്ടി.

"ഒളിമ്പുവന്നുരഗാക്കളെതെള്ളിച്ചുകൊണ്ടുപോകാതെ
വെളിമ്പത്തുവരിൻപോവാനയച്ചീട്ടമോ
കളിക്കണ്ണെന്നമുക്കിന്നുകയത്താടക്കളെത്തിങ്കൽ
വിളിച്ചീടുന്നതിനിതാവലലനാഥം"

ക്രിസ്തീയമാന്യമഹാ പണ്ഡിതന്മാരെ! ക്രിസ്തുമത സിദ്ധാന്ത പ്രകാരം അനാദി നിത്യനായ ഈശ്വരൻ ആറായിരത്തിൽ പരം സംവത്സരങ്ങൾക്കു മുൻപ് ഇല്ലാതിരുന്ന ഈ പ്രപഞ്ചം സൃഷ്ടിച്ചതു തനിക്കുവേണ്ടിയോ അന്യന്മാർക്കുവേണ്ടിയോ? സൃഷ്ടിക്കുന്നതിനു മുൻപു ജീവാത്മാക്കൾ ഇല്ലാതെയിരുന്നതുകൊണ്ടു അന്യന്മാർക്കു വേണ്ടിയല്ലായിരുന്നുവെന്നും തനിക്കുവേണ്ടിയായിരുന്നുവെന്നും സ്പഷ്ടമാണല്ലോ. യശായ ൪൩-ാം അദ്ധ്യായം ൭-ാം വാക്യം "നാം നമ്മുടെ മഹിമ പ്രകാശിക്കുന്നതിനു വേണ്ടി സൃഷ്ടിച്ച സകലത്തെയും കൊണ്ടുവരിക" എന്നു ഈശ്വരൻ പറഞ്ഞിട്ടുള്ളതായി ബൈബിളിൽ കാണുന്നതുകൊണ്ടു മററാരുടെയും പ്രയോജനത്തിനല്ലായിരുന്നുവെന്നുള്ളതു നിസ്തർക്കമാകുന്നു. ഈശ്വരൻ ആദ്യം തിരിച്ചറിവില്ലാത്ത മൃഗങ്ങളെപ്പോ

ലെയുള്ള രണ്ടു മനുഷ്യരെ സൃഷ്ടിച്ചു. അവർ ഈശ്വരകല്പനകളെലംഘിച്ചതുകൊണ്ടു അദ്ദേഹം അവരെ പാപികളായി പോകട്ടെ എന്നു ശപിച്ചു. ശാപം കൊണ്ടുണ്ടായ പാപം കല്പനയെ ലംഘിച്ച ആദിമനുഷ്യരെ മാത്രമല്ല, അവരിൽ നിന്നുണ്ടായ എല്ലാ മനുഷ്യരിലും തുടൎന്നു പ്രവേശിച്ചതു കൊണ്ടു എല്ലാമനുഷ്യരും പാപികളായിതീൎന്നു. എല്ലാവരും പാപികളായതു കൊണ്ടു അവൎക്കു രക്ഷ ആവശ്യമായിവന്നു. രക്ഷാമാൎഗ്ഗം ഉപദേശിക്കുന്നതിനായി ഈശ്വരൻ ബൈബിൾ ഉണ്ടാക്കിച്ചു കൊടുത്തു. ആ ബൈബിളിലെ വിധി അനുസരിച്ചു ജീവിക്കുന്നവൎക്കു നിത്യസ്വൎഗ്ഗവും വിധിയനുസരിക്കാത്തവൎക്കു നിത്യനരകവും അദ്ദേഹം നിശ്ചയിച്ചു. ഇതിൽനിന്നു മനസ്സിലാക്കേണ്ടതത്വം ഇത്രമാത്രമാകുന്നു. യഹോവാ എന്ന ദൈവം, ജീവാത്മാക്കൾ തന്റെ മഹിമയെ മനസ്സിലാക്കി തന്നെ ഭയന്നു തന്നെ പ്രശംസിച്ചു തന്നെ വണങ്ങി തന്റെ മഹിമ പ്രകാശിപ്പിക്കുന്നതിനായി പ്രപഞ്ചം സൃഷ്ടിച്ചു എന്നാകുന്നു.

യഹോവാ തന്റെ മാഹാത്മ്യത്തെ പ്രകാശിപ്പിക്കുന്നതിനായി പ്രപഞ്ചം സൃഷ്ടിച്ചുവെങ്കിൽ സൃഷ്ടിക്കുന്നതിനു മുൻപു് അദ്ദേഹത്തിന്റെ മഹിമ പ്രകാശിക്കാതെ ഇരുന്നുവെന്നും അതു അദ്ദേഹത്തിനു ഒരു കുറവായിരുന്നുവെന്നും ആ കുറവിനെ പരിഹരിപ്പാനാണു പ്രപഞ്ചം സൃഷ്ടിച്ചതെന്നും വന്നുകൂടുന്നു. അങ്ങനെയല്ലാ, അദ്ദേഹത്തിന്റെ മാഹാത്മ്യം അദ്ദേഹത്തിൽ തന്നെ അനാദികാലം മുതൽ കുറവില്ലാതെ പ്രകാശിച്ചു കൊണ്ടിരുന്നുവെന്നു സമാധാനം പറകയാണെങ്കിൽ കുറവില്ലാതെ പ്രകാശിച്ചു കൊണ്ടിരുന്ന മാഹാത്മ്യത്തെ വീണ്ടും പ്രകാശിപ്പിക്കുന്നതിനു വേണ്ടിച്ചെയ്യുന്ന ശ്രമം വിഹിതമല്ലെന്നുവരും. മാഹാത്മ്യം ജീവികളിൽ പ്രകാശിപ്പിക്കുന്നതിനു വേണ്ടിയായിരുന്നു പ്രപഞ്ചം സൃഷ്ടിച്ചതെങ്കിൽ ഇല്ലാതിരുന്ന ജീവികളെസൃഷ്ടിച്ചു അവരിൽ മഹിമയെ പ്രകാശിപ്പിക്കുന്നതുതന്നിക്കുവേണ്ടിയായതു കൊണ്ടു മുൻപു പറഞ്ഞ ദോഷം നേരിടും. ജീവികൾ നിമിത്തം ജീവികളിൽ പ്രകാശിപ്പിക്കുന്നതിനായിരുന്നുവെങ്കിൽ സൃഷ്ടിക്കു മുൻപേ ജീവന്മാരില്ലായിരുന്നതു കൊണ്ടു ജീവന്മാർ നിമിത്തമെന്നു പറയുന്നതു അസംഗതമാകും. സൃഷ്ടിക്കപ്പെടുന്ന ജീവന്മാരിൽ തന്റെ മഹിമ പ്രകാശിക്കുന്നതിനു വേണ്ടി ഈശ്വരൻ പ്രപഞ്ചം സൃഷ്ടിച്ചു എന്നുപറയുന്നുവെങ്കിൽ സൃഷ്ടിക്കുന്നതു തന്റെ മഹിമയെ പ്രകാശിപ്പിക്കുന്നതിനുവേണ്ടിയും തന്റെ മഹിമയെ പ്രകാശിപ്പിക്കുന്നതു് സൃഷ്ടിക്കുന്നതിനു വേണ്ടിയുമാണെന്നു വന്നുകൂടി. അന്യോന്യാശ്രയമെന്ന ദോഷത്തിനിടയാകും. അദ്ദേഹത്തിന്റെ മഹിമ സൃഷ്ടിക്കു മുൻപേ കുറവില്ലാതെ പ്രകാശിച്ചുകൊണ്ടുതന്നെയിരുന്നുവെങ്കിലും അനുഭ

വിപ്പാനാരുമില്ലാതെ വെറുതെ കിടന്നിരുന്നു. അതിനെഅനുഭവിപ്പിക്കുന്നതിനായി പിൻപെ ജീവന്മാരെ സൃഷ്ടിച്ചു വെന്നു സമാധാനം പറകയാണെങ്കിൽ, യഹോവാ തന്നെ തന്റെ മഹിമയെ അനാദി കാലംമുതൽ അനുഭവിച്ചു കൊണ്ടിരുന്നതു കൊണ്ടു അനുഭവിപ്പാനാരുമില്ലാതെ വെറുതെ കിടന്നിരുന്നുവെന്നു പറയുന്നതു വെറുതെയാണെന്നു വന്നുകൂടി യഹോവായുടെ മഹിമപ്രകാശിക്കാതെയിരുന്നുവെന്നുള്ള ആക്ഷേപം സ്ഥിരപ്പെടും. സൃഷ്ടിക്കു മുൻപേ ജീവന്മാരില്ലാതായിരുന്നതുകൊണ്ടു അവരെ തന്റെ മഹിമ അനുഭവിപ്പിക്കേണ്ടതില്ല. അനുഭവിപ്പിക്കണമെങ്കിൽ അനുഭവിപ്പിക്കണമെന്നുള്ളതു സൃഷ്ടിക്കുന്നതിനു വേണ്ടിയും സൃഷ്ടിക്കുന്നതുഅനുഭവിപ്പിക്കുന്നതിനു വേണ്ടിയുമാണെന്നു വന്നുകൂടി മുൻപെപറഞ്ഞ വണ്ണം അന്യോന്യാശ്രയമെന്ന ദോഷത്തിനിടയായിത്തീരും. ഏതെല്ലാം വിധത്തിൽ നോക്കിയാലും സൃഷ്ടിക്കുന്നതിനു മുൻപെഅദ്ദേഹത്തിന്റെ മഹിമപ്രകാശിക്കാതെഇരുന്നതു അദ്ദേഹത്തിനു ഒരു കുറവായിരുന്നു വെന്നും അതിന്റെ പരിഹാരത്തിനു വേണ്ടിയാണു അദ്ദേഹം സൃഷ്ടികർമ്മത്തിനേർപ്പെട്ടതെന്നും തീർച്ചതന്നെ. ആകുറവു മുൻപെഇല്ലാതെയിരുന്ന ജീവന്മാരെയല്ല, സൃഷ്ടികർമ്മം തുടങ്ങുന്നതിനുമുൻപെ ഉണ്ടായിരുന്ന യഹോവായെത്തന്നെയാണു ആശ്രയിക്കുന്നതു. ഇതിൽനിന്നുവെളിപ്പെടുന്നതത്വംഇതാണ്. യഹോവാ സൃഷ്ടിക്കുമുൻപേ മഹിമപ്രകാശിക്കാതെഇരുന്നഒരുവനായിരുന്നു വെന്നും അങ്ങനെ മഹിമപ്രകാശിക്കാതെയിരുന്നതുകൊണ്ടു കുറവുള്ളവനാണെന്നും കുറവുള്ളവനായിരുന്നതുകൊണ്ടു ആകുറവിന്റെ ഏതിരായനിറവ് (പൂർണ്ണത) ഇല്ലാത്തവനാണെന്നും അതിനോടുകൂടി ആ കുറവിനെ കുറിച്ചു വ്യാകുലതയുമുള്ളവനായിരുന്നു വെന്നുംവ്യാകുലതയുമുള്ളവനായിരുന്നതുകൊണ്ടു പരമാനന്ദം ഇല്ലാത്തവനായിരുന്നു വെന്നും പരമാനന്ദം ഇല്ലാതിരുന്നതിനാൽ അതുലഭിപ്പാനായിലോകസൃഷ്ടിക്കു പ്രയത്നിച്ച പാശഗ്ഗുണനാണെന്നും അതുഹേതുവായി തനിക്കുആനന്ദംഉണ്ടാക്കുന്ന വിഷയങ്ങളിൽ കാമമുള്ളവനാണെന്നും കാമമുള്ളവനായതുകൊണ്ടു ആനന്ദത്തിനെതിരായ ദുഃഖം ഉണ്ടാക്കുന്ന വിഷയങ്ങളിൽ ക്രോധമുള്ളവനാണെന്നും അതു ഹേതുവായി ആ കാമത്തിന്റേയും ക്രോധത്തിന്റേയും മൂലമായ മോഹത്തോടുകൂടിയവനായിരുന്നു എന്നും ഇങ്ങനെ കാമം ക്രോധം മോഹം എന്ന ദോഷത്രയങ്ങളോടുകൂടിയ യഹോവാ അനാദികാലംമുതൽതന്നെ ബന്ധിച്ചിരുന്ന ഈദോഷങ്ങളെ പരിഹരിക്കുന്നതിനുള്ള ഉപായം അറിഞ്ഞുകൂടാത്തവനായിരുന്നതുകൊണ്ടു അനാദിജ്ഞാനം ഇല്ലാത്തവനാണെന്നും ചിലകാലങ്ങൾക്കു മുൻപെ കർത്തൃത്വം പ്രാപിച്ചു സൃഷ്ടിസ്ഥിത്യാദികൃത്യം തുടങ്ങിയതുകൊണ്ടു അദ്ദേഹം പ്രാ

പിമ്പ കർത്തൃത്വം മുൻപെ ഇല്ലാതിരുന്നു പിൻപെ ഉണ്ടായതായ കാൎയ്യലക്ഷണത്തോടുകൂടിയതാകയാൽ അതു വേറൊരു കൎത്താവിൽ നിന്നു സമ്പാദിച്ചതാകുന്നുവെന്നും ആ കർത്തൃത്വം ഇടക്കാലത്തു സൃഷ്ടിസ്ഥിത്യാദികൃത്യം തുടങ്ങിയ തനിക്കു സ്വതസ്സിദ്ധമല്ലാത്തതായതുകൊണ്ടു സ്വാതന്ത്ര്യമില്ലാത്ത പരതന്ത്രനാണെന്നും ഇടക്കാലത്തു കിഞ്ചിത്വത്തോടുകൂടിയ (വെള്ളം അന്ധകാരം ആഴം അഗ്നി വായു മുതലായ പദാൎത്ഥങ്ങൾ യഹോവാ സൃഷ്ടിക്കുന്നതിനു മുൻപെ അല്ലേഹത്തോടുകൂടി ഉണ്ടായിരുന്നതു നിമിത്തം) കർത്തൃത്വം തുടങ്ങിയതുകൊണ്ടു ആ കർത്തൃത്വം സ്വാഭാവികമല്ലാത്ത ആഗന്തുകവൃത്തി നിമിത്തം തന്നിൽനിന്നു വിട്ടുപോകുന്നതു മായതുകൊണ്ടു വികാരിത്വമുള്ളവനാണെന്നും വികാരിത്വവും കിഞ്ചിൽകർത്തൃത്വവും നിമിത്തം അനാദിനിത്യവ്യാപകത്വ മില്ലാത്തവനാണെന്നും, തന്റെ സുഖത്തിനുവേണ്ടി സൃഷ്ടിസ്ഥിത്യാദികൎമ്മം തുടങ്ങി താൻ തന്നെ ലോകത്തിൽ പാപം വിളയുന്ന കാൎയ്യങ്ങളെ ചെയ്തു അനന്തകോടി ജീവാത്മാക്കളെ നിത്യനരകത്തിൽ ബന്ധിപ്പിക്കുന്നതിനിടയാക്കിയ ഒരുവനായതുകൊണ്ടു നീതിയും കരുണയും ധൎമ്മവും ഇല്ലാത്തവനാണെന്നും, ജീവാത്മാക്കളിൽതന്നെ ഉപാസിക്കുന്നവർ ഇന്നിന്നവരെന്നു ജ്ഞാനം കൊണ്ടറിയാതെ അവരെ ഭ്രമിയിലിരുത്തി നീതിവിരുദ്ധങ്ങളായ വിധികളെ ഏല്പെടുത്തി പാപികളാക്കി പരീക്ഷിച്ചറിയുന്നതുകൊണ്ടു സൎവ്വജ്ഞത്വമില്ലാത്തവനാണെന്നും, ജീവാത്മാക്കൾക്കു പാപവും ദുഃഖവുമുണ്ടാകാതെ തന്നെ സേവിപ്പിക്കയും തനിക്കു സുഖം ഉണ്ടാക്കുകയും ചെയ്യുന്നതിനു കഴിവില്ലാത്തവനായതുകൊണ്ടു സൎവ്വശക്തിത്വം ഇല്ലാത്തവനാണെന്നും ഇവയൊക്കെക്കൊണ്ടു യഹോവാ കേവലം ജീവാത്മാക്കളിലൊരുവനല്ലാതെ ഈശ്വരനല്ലെന്നും സ്പഷ്ടമാകുന്നു.

ഹിന്ദുമഹാജനങ്ങളെ! ക്രിസ്തുമതോപദേഷ്ടാക്കൾ സത്യവേദമെന്നു ഉദ്ഘോഷിക്കുന്ന അവരുടെ ബൈബിളിലെ സൃഷ്ടിയെ പററി പറയുന്ന ഒരു വാക്യം എടുത്തു പരിശോധിച്ചതിൽ ഇങ്ങനെയുള്ള അനൎത്ഥങ്ങളൊക്കെ കാണുന്നു. നാം അതിപുരാതന കാലംമുതൽ വിശ്വസിച്ചുവരുന്ന ഹിന്ദുമതത്തിൽ ഇങ്ങനെയുള്ള ദോഷങ്ങളോ വേറെ വല്ലവിധത്തിലുള്ള ദോഷങ്ങളോ കാണുന്നതല്ല. നിൎദ്ദോഷവും പരിശുദ്ധവുമായ ആ ഹിന്ദുമതത്തിൽ ജനിച്ച നാം, മതമെന്നുള്ള പേരിനുപോലും അൎഹതയില്ലാത്തതും ജീവൻ, ഈശ്വരൻ, ജഗത്ത്, ബ്രഹ്മം, ധർമ്മം, കർമ്മം, ഇഹം, പരം, ബന്ധം, മോക്ഷം എന്ന മതവിഷയങ്ങളെപ്പററി ഒന്നും പറയാത്തതും ജീവത്വത്തെ ഹനിക്കുന്നതിനുള്ള ഉപായങ്ങളിൽ ഒന്നും തന്നെ ഇല്ലാത്തതും മതവിരോധങ്ങളായ ഉപദേശങ്ങളെക്കൊണ്ടു ജനങ്ങളെ അപഥത്തിൽ നയിച്ചതു നിമിത്തം വധിക്കപ്പെട്ട അല്പജ്ഞനായ

ഒരു മനുഷ്യനെ വിശ്വസിച്ചാൽ ആത്മരക്ഷ ലഭിക്കുമെന്നു യാതൊരന്യായവും കൂടാതെ പരമസിദ്ധാന്തമായി അംഗീകരിച്ചിട്ടുള്ളതുമായ പൊട്ടമതത്തിൽ പോയി ചേരുന്നതു എത്ര ബുദ്ധിമോശം. അതു ഹേതുവായിട്ടു ബ്രഹ്മം, ജീവൻ, ഈശ്വരൻ ഇത്യാദിവിഷയങ്ങളും മനുഷ്യന്റെ മനുഷ്യത്വത്തെ ഹനിച്ചു ഈശ്വരത്വം സിദ്ധിക്കുന്നതിനുമുള്ള അസംഖ്യം ഉപായങ്ങളുമടങ്ങിയതും ഇന്നുവരെ ഈ ഭൂലോകത്തുണ്ടായിട്ടുള്ള സകല തത്വശാസ്ത്രങ്ങളുടെയും കുറവിനെ പരിഹരിക്കത്തക്ക തത്വങ്ങൾ അടങ്ങിയിട്ടുള്ളതെന്നു ഇക്കാലത്തെ പാശ്ചാത്യതത്വശാസ്ത്രപണ്ഡിതന്മാർകൂടി ഐകകണ്ഠ്യേന സമ്മതിച്ചിട്ടുള്ളതും ചരിത്രങ്ങളുടെ ദീർഘദൃഷ്ടി എത്താത്ത അതിപുരാതനകാലംമുതൽ ഈ ഭാരതഖണ്ഡത്തിൽ നിലനിന്നുവരുന്നതും തന്നെ നശിപ്പിക്കുന്നതിനു ഒന്നിനുപിറകെ മറ്റൊന്നെന്ന നിലയിൽ ഓരോരോ കാലങ്ങളിൽ ഉണ്ടായ ഏകഛത്രാധിപന്മാരായ ചക്രവർത്തികളുടെ സഹായത്തോടുകൂടി പടർന്നുപിടിച്ചു വന്നിട്ടുള്ള അസംഖ്യമതങ്ങളുടെ നാശത്തെ കണ്ടു കളിച്ചുകൊണ്ടു നിലനിന്നുവരുന്നതുമായ സനാതനമതത്തിൽ പറഞ്ഞിട്ടുള്ള വിധികളെ അനുഷ്ഠിച്ചു ആത്മരക്ഷ ലഭിക്കുന്നതിനു തൽപരന്മാരായിത്തീരുവിൻ! സർവ്വജീവദയാപരമൂർത്തിയായ പരമശിവൻ നിങ്ങൾക്കു സകല മംഗളങ്ങളെയും സന്ദാനംചെയ്യട്ടെ. ശിവം ശിവം.

ശേഷംക്രിസ്തീയ കല്പകാലാനലം മുാളമുസ്സാമിമുതലായ ക്രിസ്തുമതഖണ്ഡനപുസ്തകങ്ങളിൽ കാണാം.

മീശയുള്ളാൺപിള്ളശിംകകൾ (സിംഹങ്ങൾ) എൻകൂടെ വെളിയിനിൽവരുംകൾകാണാം.

ശിവസ്മാരഗീതം

അലർമാതടിയമരും പരനലർവാഴിയുമറിയാ
മലർമഞ്ജുളപദമേമനമമചർമേവുകനിയതം
പലർപാടിയപദമാകിയപച്ചപ്പൊൻകൊടിപടരും
മലർവാടിയിൽമതിചൂടിയമഹമാമേണിമലയേ! ൧.
ഇരിയെന്നരുളിയപൊൻതിരുവിനിമപ്പദമിനിയും
പിരിയുംപടിപെരുകുംവിനപെരുതായലയുന്നു.
കരയുംകരുമനചെയ്യുകരുതിട്ടകകനലാ
യെരിയുന്നകമലരംബരനദിചൂടിയകടലേ! ൨,

ഘനമായയതിഹകണ്ടൊരു ചപലോദയമൊട്ടവ--
ന്നിനമണ്ഡലമിരുളായിട്ടമരുകണ്ടിതിന്നിടയിൽ
സ്തനിതശ്രുതിയൊട്ടു സംസ്തുതിഗഹനാടവി നട്ടവാ
ന്നരവാസരമതിച്ചൂടിയ മഹമാമണിമലയെ! ന .
സുലഭം പരസ്പരസംഗരമുയരും മുനിമനമാം
കലകൈരവ കലികാവലികലിതാദരമരുളും
അലയുമ്മനമതിസൗരഭമൂട്ടും പല്ലവമതുതൻ
കലയുണ്ടവർ കുഴയുമ്പടി കുഴലൂതിയ കുയിലേ! ര്
മലയുമ്മണലറിവുററവർ മതമേലുപരതിയായ്
വലയുംപതി വിരഹംപ്രതി വരമോഹമോടനിശം
അലയറെറഴമടികണ്ടുടനരുളും ബരമരുളും
മലമററൊരു മധുകൌമുദി മലർമഞ്ജുള നിധിയേ: ദ
അണൽവല്ലിഹ സുഖമന്വഹ മഴചിന്നമൊരളവി
ല്ലണയത്തെഴമരുമപ്പൊരുളതുനിൻപദമടിയൻ
അണയുന്നതിന്നറിയാതകമുരുകുന്നരുളുക നീ
മണിഭോഗികരം മരുവീടിനമധുരാമൃത നിധിയേ! ന്ന
കനിവാകിയ കമലാസൃതി കവിയുംപടികരയും
പുനരുംപൊടിരുചിയാതിഹ ഭുവനാരതിപെരുതായ്
തന്നസംഭവമൃതിതാവക തപസാ തന്നതളരും
മുനിചാതകനതിക്രൂജിതമുഖഗോചരമുകിലേ. ൈ
അതിദുസ്സഹ മതിതൃഷ്ണയൊടരികത്തഭിരുചിയു
ള്ളതിന്നററവനരുമക്കനിയമരക്കൊടി യനിശം
ഉതിരുംപടിഉദയന്തരുമുമയെന്നലകുയരും
മതിച്ചൂടിയമയിലാടിയ മഹമാമണിമലയേ. വ്യ

"ആത്മഭാരതി" അച്ചുക്കൂടം, -- കൊല്ലം.

ന.
ർ
ഭ
ഞ
ൈ
വ്വ

കൊല്ലം കമ്പോരിക്കടവിൽ

ശ്രീമാൻ. കെ. കൃഷ്ണക്കമ്മത്തി അവർകളോടു ആവശ്യപ്പെട്ടാൽ

ഈ പുസ്തകം കിട്ടുന്നതാണ്.